
# മായാത്ത ചിത്രങ്ങളുടെ നേർക്കാഴ്ചയുമായി

ബിജു

മഹാത്മാഗാന്ധിയുടെ വധം ഒരു ബാലനിലുണ്ടാക്കിയ ആശയസംഘർഷം പൊക്രാൻ-II എന്ന ഇന്ത്യയുടെ രണ്ടാം ആണവ പരീക്ഷണത്തിന്റെ മൂല കാരണങ്ങളിലെത്തുന്നത് എങ്ങനെയാണ്? ആനന്ദ് പട്വർദ്ധൻ എന്ന ഡോക്യുമെന്ററി സംവിധായകൻ തന്റെ ഏറ്റവും പുതിയ ഡോക്യുമെന്ററിയായ 'യുദ്ധവും സമാധാനവും' (war & peace) പ്രദർശിപ്പിച്ചുകൊണ്ട് തിരുവനന്തപുരം മുതൽ പയ്യന്നൂർ വരെ യാത്ര നടത്തിയത് ഈയൊരു കണ്ടെത്തൽ പങ്കുവെക്കുന്നതിനാണ്. നോട്ടം ഫിലിം ഫെസ്റ്റിവലിന്റെ ഭാഗമായി തിരുവനന്തപുരവും, കോട്ടയം, കൊടുങ്ങല്ലൂർ, കോഴിക്കോട്, പയ്യന്നൂർ എന്നിവിടങ്ങളിലാണ് 'യുദ്ധവും സമാധാനവും' പ്രദർശിപ്പിച്ചത്.



2002ലെ അന്താരാഷ്ട്ര ഡോക്യുമെന്ററി ഫിലിം ഫെസ്റ്റിവലിൽ മികച്ച ഡോക്യുമെന്ററിക്കുള്ള അംഗീകാരം ലഭിച്ച ഡോക്യുമെന്ററിയാണ് 'യുദ്ധവും സമാധാവും'. 171 മിനിറ്റ് വരുന്ന ഈ ഡോക്യുമെന്ററി ഇന്ത്യയുടെ ഭാവിയിലേക്ക് കൈചൂണ്ടുന്നു. ആണവ പരീക്ഷണങ്ങൾ ജനങ്ങളിലുണർത്തിയ ദേശീയവികാരത്തിന്റെ തീവ്രവിഷമങ്ങൾ ഒപ്പിയെടുക്കുന്നുണ്ട് ചിത്രത്തിൽ. ന്യൂക്ലിയർ റിയാക്ടറുകൾ, ന്യൂക്ലിയർ സ്ഫോടനപരീക്ഷണസ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ദൃശ്യങ്ങൾ റേഡിയേഷന്റെ ഭീകരഫലങ്ങൾ കാണിച്ചു തരുന്നു. സംഘപരിവാർ പൊക്രാൻ IIന് കൊടുത്ത പ്രാധാന്യവും ശാസ്ത്രജ്ഞന്മാരുടെ ഭീതി ജനിപ്പിക്കും വിധത്തിൽ ചിതറിയ കുറേ ദൃശ്യങ്ങളിൽ നിന്നും തുടങ്ങി സെപ്റ്റംബറിന്റെ ലോക വ്യാപാരകേന്ദ്രത്തിലെ ഭീകരാക്രമണത്തിന് അവസാനിക്കുന്ന ഡോക്യുമെന്ററിയുടെ കൊളാഷ് സ്വഭാവം കാണുന്നവനെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതാണ്. അഹിംസയുടെ മഹനീയാദർശങ്ങൾ സംഭാവന ചെയ്ത മഹാത്മാവിന്റെ ദേശം വർഗ്ഗീയതയുടേയും അന്ധമായ ദേശീയതയുടേയും കേന്ദ്രമാക്കി മാറിയതിന്റെ അമ്പരപ്പിൽ നിൽക്കുമ്പോൾ ഇന്ത്യൻ സഹൃദയരുടെ മുന്നിൽ ആനന്ദ്പട് വർദ്ധന്റെ ചിത്രങ്ങൾ നേർക്കാഴ്ചയാകുകയാണ്. ഭരണകൂടം, ആയുധങ്ങൾ, ദേശീയത, വർഗ്ഗീയത ഇവയുടെ മിശ്രിതങ്ങൾ സമൂഹത്തിനേയും വ്യക്തിയേയും എങ്ങനെ ബാധിക്കുന്നു എന്നു കാണിക്കുക മാത്രമേ പട്വർദ്ധൻ ചെയ്യുന്നുള്ളൂ. ഒരു പിടി ഉപ്പുകൊണ്ട് ഒരു സാമ്രാജ്യത്തെ പേടിപ്പിച്ച ഒരു മനുഷ്യന്റെ സ്വപ്നങ്ങളുടെ തകർച്ചയാണ് പട്വർദ്ധൻ പകർത്തിയിരിക്കുന്നതെന്ന് വിവേകമുള്ളവർക്ക് മനസ്സിലാകും.

പക്ഷെ തിരുവനന്തപുരം മുതൽ പയ്യന്നൂർ വരെ ചിത്രത്തിന്റെ പ്രദർശനം നടക്കുന്നതിനി

ടയിൽ കാശ്മീരിന്റെ പേരിൽ ഇന്ത്യയും പാക്കിസ്ഥാനും ഒരു യുദ്ധത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുകയായിരുന്നു. ജനങ്ങളെ മറന്ന് മണ്ണിനെ സ്നേഹിക്കുന്ന ദേശസ്നേഹത്തിന്റെ കാപട്യം തുറന്നു കാണിക്കുന്ന ചിത്രം ഏറ്റവും ഉചിതമായ സമയത്ത് ജനങ്ങളുടെ മുന്നിലെത്തി. വാക് യുദ്ധങ്ങളുടെ വിവരണങ്ങൾ പത്രങ്ങളിൽ നിന്നും വായിച്ച് യുദ്ധത്തിന്റേയും ആയുധങ്ങളുടേയും സജീവചിത്രം മനസ്സിന് നിൽക്കുന്നവർക്കിടയിൽ പട്വർദ്ധൻ ചിത്രം അത് ഉദ്ദേശിക്കുന്ന തരത്തിൽ ആശയവിനിമയം ചെയ്യപ്പെട്ടു. സംഘപരിവാർ എന്ന ഹിന്ദുത്വ സംഘടന എങ്ങനെയാണ് ശാസ്ത്ര സാങ്കേതിക നേട്ടങ്ങളെ വർഗ്ഗീയതയുടേയും സങ്കുചിത ദേശസ്നേഹത്തിന്റേയും വിഷം കുത്തിവെക്കാനുള്ള ഉപകരണമാക്കി മാറ്റുന്നതെന്ന് വിവിധ ദൃശ്യങ്ങളിലൂടെ പ്രേക്ഷകന്റെ മുന്നിലെത്തുന്നു. എന്തെന്നറിയാതെ കുഴങ്ങുന്ന ഒരു ആശയ സംഘർഷത്തിന്റെ ചിത്രീകരണമല്ല 'യുദ്ധവും സമാധാനവും'. പഠനങ്ങളിലൂടേയുംസജീവ നിരീക്ഷണങ്ങളിലൂടേയും വ്യക്തമായി തിരിച്ചറിഞ്ഞ ഒരു ജനവിരുദ്ധശക്തിയുടെ നേരെ, അവരുടെ തന്ത്രപരമായ പ്രവർത്തികൾക്കു നേരെയുള്ള ക്യാമറ ചലിപ്പിക്കലാണ് പട്വർദ്ധൻ ചെയ്തിരിക്കുന്നത്. ഗാന്ധിജിയുടെ ചരമയാത്രയിൽ നിന്നും നടത്തുന്ന ചിത്രം അണുസ്ഫോടനങ്ങളുടെ അണിയറകൾ പരിശോധിക്കുന്നു. ശാസ്ത്രജ്ഞന്മാരുമായുള്ള അഭിമുഖങ്ങൾ സ്ഥാപനവൽക്കരിക്കപ്പെടുകയും ഹൈന്ദവവൽക്കരിക്കപ്പെടുകയും ചെയ്യുന്ന ഒരിന്ത്യൻ ശാസ്ത്രജ്ഞ സമൂഹത്തിനെ കാണിച്ചു തരുന്നു. ഒരു വശത്തു നിന്നും ജനങ്ങളെ ദേശീയത എന്ന വികാരം കുത്തിവെയ്ക്കുന്നവർ തന്നെയാണ് മറുവശത്ത് ദേശത്തെ വിറ്റ് പൈസയാക്കുന്നതെന്നും ചിത്രം വ്യക്തമാക്കുന്നു. ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടിവന്ന ഒരു ജനതയുടെ കണ്ണീർക്കണങ്ങൾ മെഴുകുതിരികളായി ജപ്പാനിലെ ജലത്തിലൂടൊഴുകുന്ന ദൃശ്യത്തോടെ 'യുദ്ധവും സമാധാനവും' തീരുന്നു.

ചിത്രങ്ങളുടെ ഘോഷയാത്ര തീരുന്നിടത്തും മനസ്സിലേല്പിച്ച മായാത്ത ചിത്രങ്ങളുടെ തിളക്കം തീരുന്നില്ല. ഒരു നഗരത്തിനെ ചുട്ടുചാമ്പലാക്കാൻ നിമിഷങ്ങൾ മാത്രം മതിയാകുന്ന ഒരു മഹാസ്ഫോടകകാരിക്കെതിരെ സമാധാനഗാനങ്ങൾ പാടികൈകൊട്ടി നീങ്ങുന്ന ഒരു കൊച്ചു സംഘം ചിത്രത്തിലൂടെ നീളം നടക്കുന്നു. അവർ നടക്കുന്നത് ഗാന്ധിജിയുടെ ഇന്ത്യയുടെ ഹൃദയമായ ഗ്രാമങ്ങളിലൂടെയാണ്. ആണവ ബോംബ് രാജ്യത്തിന് അഭിമാനമേകുന്നുവെന്ന് വിശ്വസിച്ച ഗ്രാമീണ ജനതയ്ക്കു മുന്നിൽ ആണവ വികിരണങ്ങളേറ്റ് വികലമാക്കപ്പെട്ട മനുഷ്യ ജീവിതങ്ങളുടെ സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

രാജ്യത്തിന്റെ അഭിമാനമായ ന്യൂക്ലിയർ റിയാക്ടറുകളുടെ പരിസരത്തുള്ള ഞെട്ടിപ്പിക്കും വിധം ഉയർന്ന ആണവ വികിരണ നിരക്ക് ഗ്രാമീണരെ സാധിക്കുന്നത് എങ്ങനെയെന്ന് പട്വർദ്ധൻ പറയുകയല്ല, കാണിക്കുകയാണ്. ഒറ്റക്കണ്ണോടെ ജനിച്ചു വീഴേണ്ടി വന്ന ബാലനേയും 23 വയസ്സിലും ബുദ്ധിവികാസം പ്രാപിക്കാത്ത യുവാവും ന്യൂക്ലിയർ വികിരണങ്ങളുടെ ഇരയാണെന്ന് ഞെട്ടലോടെ കാണുന്നവർ മനസ്സിലാക്കുന്നു. ആണവ വികിരണം മൂലം ആരോഗ്യഹാനി സംഭവിച്ച ഒരൊറ്റയാൾ പോലും ഇന്ത്യയിലില്ല എന്ന പ്രശസ്ത ആണവ ശാസ്ത്രജ്ഞന്റെ സംഭാഷണം അടുത്ത ചിത്രമായി മുന്നിലെത്തുന്നു. ആണവായുധ ശേഷിയുള്ള രാജ്യങ്ങളുടെ പട്ടികയിലെത്താൻ ഇന്ത്യ കൊടുത്ത വില സമൂഹത്തിന്റെ അടിത്തട്ടിലെ മനുഷ്യരുടെ ജീവിതമാണെന്ന തിരിച്ചറിവാണ് പട് വർദ്ധന്റെ ചിത്രത്തിന്റെ അനേകം സന്ദേശങ്ങളിലൊന്ന്.

ഈ സന്ദേശവുമായി പാക്കിസ്ഥാനിലെത്തുന്ന സംഘം ഒരു കൂട്ടം സ്കൂൾകുട്ടികളുമായി ഇടപെടുന്ന രംഗം വൈകാരിക തീവ്രത ചോർന്നുപോകാത്ത വിധം കാണിക്കുന്നു. പാക്കിസ്ഥാന്റെ ആണവ ബോംബിനെക്കുറിച്ച് പ്രസംഗിക്കാൻ പറയുമ്പോൾ വിദ്യാർത്ഥിനികൾ ദേശീയ വികാരം (പാക് ദേശീയ വികാരമാണെന്നോർക്കണം) മുഴങ്ങുന്ന പ്രസംഗങ്ങൾ അവതരിപ്പിക്കുന്നു. ഒടുവിൽ പാക്കിസ്ഥാന്റെയായാലും ഇന്ത്യയുടെയായാലും ബോംബ് എന്നത് നാശകാരിയാണെന്ന് എന്തുകൊണ്ട് മനസ്സിലാകുന്നില്ല എന്ന ചോദ്യത്തിനു മുന്നിൽ കുട്ടികൾക്ക് ഉത്തരം മുട്ടുന്നു. ദേശസ്നേഹികളാണെന്നു കാണിക്കാൻ പാക് ആണവ ബോംബിനെ പ്രശംസിച്ച് സംസാരിച്ചതിൽ വിദ്യാർത്ഥിനികൾ ഗദ്ഗദത്തോടെ മാപ്പു പറയുന്നതു കാണുമ്പോൾ പ്രത്യാശയ്ക്ക് വകയുണ്ട് എന്നു തന്നെ കരുതണം. ആണവ ബോംബും ദേശസ്നേഹവുമായും ബന്ധമില്ല എന്നും, മാനവിക സ്നേഹത്തിന്റെ വിലയറിയുന്നവർ അവശേഷിക്കുന്നു എന്നുമുള്ള തിരിച്ചറിവിലൂടെയാണ് സമാധാനസംഘത്തിന്റെ മാത്ര മുന്നേറുന്നത്.

സമാധാനയാത്രയിലുടനീളം ഗാന്ധിയൻ ആശയങ്ങൾ കൈമാറി മുന്നേറിയ സംഘത്തിന്റെ അനുഭവങ്ങളായാണ് 'യുദ്ധവും സമാധാനവും' മുന്നേറുന്നത്. അതുകൊണ്ടു തന്നെ തൃശ്ശൂർ സാഹിത്യ അക്കാദമി ഹാളിൽ വെച്ച് സിനിമയുടെ പ്രദർശനം നടന്നതിൻശേഷം സഹൃദയർ ക്ഷണിച്ച സംവാദത്തിൽ ആനന്ദ് പട്വർദ്ധൻ സന്തോഷപൂർവ്വം പങ്കെടുക്കുകയും ആശയങ്ങൾ പങ്കുവെക്കുകയും ചെയ്തു.